**<u>ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ  നടപടിക്രമം</u>**

ഹാജർ: അനിഷ വിജയൻ (പെൻ:187132)

ക്ഷീര വികസന വകുപ്പ്- ജീവനക്കാര്യം - കാസർഗോഡ് ജില്ല പി.എസ്.സി മുഖേന, ആസ്ഥാന ഒഴിവിൽ നിയമിതനായ ശ്രീ അഹമ്മദ് മൻസൂർ.എ, ക്ലാർക്ക് (പെൻ: 1037046)-നെ, കാസർഗോഡ് ജില്ല കാസർഗോഡ് ക്ഷീരവികസന യൂണിറ്റിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

DDDKER/2420/2026-E2 തിരുവനന്തപുരം:15-10-2026

പരാമർശം- 1.കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കാസർഗോഡ് ജില്ല ഓഫീസറുടെ 12/06/26 ലെ KGD.1-3/2/2024-KPSC DOKGD(1) നമ്പർ കത്ത്.

2.ഈ ഓഫീസിലെ 02/07/26ലെ ഇതേ നമ്പർ ഉത്തരവ്.

3.ശ്രീ അഹമ്മദ് മൻസൂർ.എ, ക്ലാർക്ക്-ന്റെ 18/09/26ലെ സമർപ്പണം

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാസർഗോഡ് ജില്ല ഓഫീസറുടെ പരാമർശം -1- നിയമന ശുപാർശയുടെയും, പരാമർശം -2-നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 09/07/26ന് രാവിലെ പ്രാബല്യത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ അഹമ്മദ് മൻസൂർ എ, മാതൃജില്ലയായ കാസർഗോഡ് ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് പരാമർശം -3- പ്രകാരം അപേക്ഷിച്ചിരുന്നു.

കാസർഗോഡ് ജില്ല കാസർഗോഡ് ക്ഷീരവികസന യൂണിറ്റിലെ ക്ലാർക്ക് ശ്രീ അബ്ദുൾ റഹിമാൻ.എം-ന് (പെൻ:813068) സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കണ്ണൂർ ജില്ല ആലക്കോട് ക്ഷീരവികസന യൂണിറ്റിൽ നിയമിക്കുകയും, ടിയാൻ 03/10/26-ന് സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കാസർഗോഡ് ക്ഷീരവികസന യൂണിറ്റിൽ ക്ലാർക്ക് തസ്തികയിൽ നിലവിൽ വന്ന ഒഴിവിലേക്ക് ശ്രീ അഹമ്മദ് മൻസൂർ എ (പെൻ: 1037046), ക്ലാർക്കിനെ പരാമർശം-3-ലെ അപേക്ഷ പരിഗണിച്ച്, സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ അഹമ്മദ് മൻസൂർ.എ, കാസർഗോഡ് ക്ഷീരവികസന ഓഫീസർ മുമ്പാകെ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Digitally signed by
Anisha Vijayan
Date: 15-10-2026
15:18:33

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ അഹമ്മദ് മൻസൂർ എ
ക്ലാർക്ക്

പകർപ്പ്-

1.ഡയറക്ടറുടെ മേശപ്പുറത്ത്

2.ക്വാളിറ്റി മാനേജർ/ജോയിന്റ് ഡയറക്ടർ
സ്റ്റേറ്റ് ഡയറി ലാബ്

3.ഡെപ്യൂട്ടി ഡയറക്ടർ-കാസർഗോഡ് (ജീവനക്കാരൻ ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്)

4.അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

5.ക്ഷീരവികസന ഓഫീസർ-കാസർഗോഡ് (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

6. സൂപ്രണ്ട് എ/ബി സെക്ഷൻ

7. എ1(സ്പാർക്ക്) / ബി.2 സീറ്റുകൾക്ക്

8.ഡി.എഫ്.ഐ- ഐ.റ്റി സെൽ